LIBRARY ARCHIVES Kerala Legislative Assembly

ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ ഖണ്ഡിക (19) പ്രകാരം ചില അസാധാരണ സാഹചര്യങ്ങളിൽ കേന്ദ്ര ഗവൺമെന്റിന് ഇതിനകം നിശ്ചയിച്ചിട്ടുള്ള മരുന്നുകളുടെ പരമാവധി വില, ചില്ലറ വിൽപ്പന വില എന്നിവ ആവശ്യമെങ്കിൽ വാർഷിക മൊത്ത വ്യാപാര വില സൂചിക കണക്കിലെടുക്കാതെ മരുന്നുകളുടെ വില വ്യത്യാസപ്പെടുത്താൻ (കൂട്ടുവാനോ/കുറയ്ക്കുവാനോ) അധികാര മുണ്ട്. മുകളിൽ പ്രസ്താവിച്ചിട്ടുള്ള ഖണ്ഡിക (19)-ന്റെ അടിസ്ഥാനത്തിൽ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി (എൻ.പി.പി.എ) 29/05/2014-ൽ ഒരു മാർഗ്ഗ നിർദ്ദേശ രേഖ പുറപ്പെടുവിക്കുകയുണ്ടായി. ആയത് പ്രകാരം വില നിയന്ത്രണ വിധേയമായതും അല്ലാത്തതുമായ വിവിധ ബ്രാൻഡുകളുടെ വില വ്യത്യാസം നിരീക്ഷിക്കുകയും 25% -ൽ കൂടുതൽ വില വ്യത്യാസം കാണപ്പെടുന്ന ബ്രാൻഡുകളുടെ വില നിശ്ചയിക്കാനും തീരുമാനമുണ്ടായി. അതനുസരിച്ച് എൻ.പി.പി.എ. വിവിധ ഗസറ്റ് വിജ്ഞാപനം വഴി പ്രമേഹം, ഹൃദ്രോഗം എന്നിവയുള്ള മരുന്നുകൾ ഉൾപ്പെടെ 108 മരുന്നുകൾക്ക് വില നിശ്ചയിച്ചുറപ്പിക്കുകയുണ്ടായി. ഈ ഉത്തരവിനെതിരെ നിർമ്മാതാക്കൾ ഹൈക്കോടതിയെ സമീപിക്കുകയും കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരം പ്രസ്തുത മാർഗ്ഗ നിർദ്ദേശം 22-9-2014-ന് പിൻവലിക്കുകയുമുണ്ടായി.

എൻ.ആർ.എച്ച്.എം.-ന്റെ കീഴിലെ ഹോമിയോ ഡിസ്പെൻസറികൾ

136 (2691) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ.ആർ. എച്ച്.എം.-ന്റെ കീഴിൽ എത്ര പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട് ;

(ബി) അവ ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(സി) മലപ്പുറം മണ്ഡലത്തിലെ കോഡൂരിൽ പുതുതായി അനുവദിച്ച ഹോമിയോ ഡിസ്പെൻസറി ഇപ്പോഴും പ്രവർത്തനം ആരംഭിക്കാത്തത് എന്ത് കൊണ്ടാണ് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 91 എൻ.ആർ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ട്.

(ബി) ആകെ അനുവദിച്ച 91 എൻ.ആർ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറികളിൽ 51 എണ്ണം പ്രവർത്തനം ആരംഭിക്കുകയും, 40 എണ്ണം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു.

(സി) മലപ്പുറം മണ്ഡലത്തിലെ കോഡൂരിൽ പുതുതായി അനുവദിച്ച ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള കെട്ടിട സൗകര്യം ഒരുക്കിയിട്ടുണ്ട്. ടി സ്ഥാപനത്തിൽ എൻ.ആർ.എച്ച്.എം. മെഡിക്കൽ ആഫീസറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ചിറക്കര NRHM ഹോമിയോ ആശുപത്രി

137 (2692) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ ചിറക്കര ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എൻ.ആർ.എച്ച്.എം. ഹോമിയോ ആശുപത്രി സർക്കാർ ആശുപത്രിയായി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നുവോ ;

(ബി) എങ്കിൽ അതിന്മേൽ കൈക്കൊണ്ട നിലപാടുകളും നടപടികളും എന്തൊക്കെയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) പ്രസ്തുത അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ ഹോമിയോ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. NRHM-ന്റെ കീഴിലുള്ള ഹോമിയോ ഡിസ്പെൻസറികളെ സർക്കാർ ഡിസ്പെൻസറികളായി ഉയർത്തുന്ന പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല.

ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം

138 (2693) പ്രൊഫ സി. രവീന്ദ്രനാഥ് :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly